# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1342 08.02.2013 ൽ മറുപടിക്ക്

## അരിയുടെ ശരിയായ വിതരണം ഉറപ്പുവരുത്തുവാൻ നിരീക്ഷണ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് അരിയുടെ വില വർദ്ധന തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം,35 കി. ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 25 കി.ഗ്രാം അരി ഒരു രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിന് പുറമേ 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപയ്ക്കും വിതരണം ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതും ആയ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ 2 രൂപ നിരക്കിൽ ലഭിക്കുന്ന 9 കി.ഗ്രാം അരി, 2 കി. ഗ്രാം ഗോതമ്പ് എന്നിവയ്ക്ക് പുറമേ 19 കി.ഗ്രാം അരി 6.20 രൂപ |

നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത 4 മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്

അരിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അരി പൊതു ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് വേണ്ടിയും 'അരിക്കട' എന്ന പദ്ധതി സപ്ലൈകോ വിജയകരമായി നടപ്പാക്കി വരുന്നു. ഇത് പ്രകാരം മട്ട അരി,പച്ചരി എന്നിവ 16 രൂപ ക്രമത്തിലും കുറുവ അരി 19 രൂപ നിരക്കിലും ജയ അരി 21 രൂപ പ്രകാരവും കാർഡ് ഒന്നിന് 20 കി.ഗ്രാം വീതം പ്രതിമാസം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ OMSS പ്രകാരം പുഴുക്കലരി 19.50 രൂപ പ്രകാരവും പച്ചരി 21.00 രൂപ പ്രകാരവും 25 കി.ഗ്രാം വീതം സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു.

(ബി) അരിയുടെ ശരിയായ വിതരണം ഉറപ്പുവരുത്തുവാൻ കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കാര്യങ്ങളാണ് കർശന നിരീക്ഷണത്തിന് വിധേയമാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

(ബി)യും (സി)യും (ഡി)യും

അരിയുടെ പൂഴ്ത്തിവയ്പ്, മിറച്ചു വിൽപന, കരിഞ്ചന്തയിലെ വിൽപന മുതലായവ തടയുന്നതിനും സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന അരി യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് സംസ്ഥാനതലത്തിൽ രണ്ട് ഫ്ളൈയിംഗ് സ്ക്വാഡുകളും ജില്ലാതലത്തിൽ ഓരോന്നും രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് സി.എം.ആർ. അരിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും കടത്തിക്കൊണ്ട് പോകൽ തടയുന്നതിനുമായി 10 ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ അരിയുടെ കൃത്യമായ വിതരണം ഉറപ്പുവരുത്തുന്ന തിനുവേണ്ടി സപ്ലൈകോയിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അരിയുടെ വിതരണവും ഗുണ മേന്മയും അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്.

പ്രത്യേക നിരീക്ഷണ സംവിധാന ങ്ങളുടെ ഭാഗമായി സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ നിന്നുള്ള ഓഡിറ്റ് ടീമുകളും ചില്ലറ വിൽപ്പന ശാലകളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ എസ്.പി. റാങ്കിലുള്ള ഒരു വിജിലൻസ് ഓഫീസറുടെ പരിശോധന സംഘവും സപ്ലൈകോയിൽ പ്രവർത്തിക്കുന്നുണ്ട്.

നിലവിലെ പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കുന്നതിനും നിയന്ത്രിക്കുന്നതിനും സിവിൽ സപ്ലൈസ് കമ്മീഷണേറ്റ് തലത്തിൽ സമഗ്ര നടപടി സ്വീകരിച്ചുവരുന്നു. എസ്.പി. തലത്തിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥനെയാണ് (വിജിലൻസ് ഓഫീസർ) സപ്ലൈകോയിൽ ഈ പരിപാടിയുടെ തലവനായി നിശ്ചയിച്ചിരിക്കുന്നത്.

Beenan

സെക്ഷൻ ഓഫീസർ